THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

സ്വർണ വ്യാപാരത്തിൽ നേടാം കൂടുതൽ ഉയർന്ന നേട്ടം

ഏതു കുഴയ്ക്കുന്ന പ്രശ്നത്തിനും വിശദമായ വിശകലനത്തിലൂടെ മികച്ചൊരു പ്രതിവിധി കണ്ടെത്താനാകുമെന്ന് ലേഖകൻ

റീറ്റെയ്ൽ മേഖലയിലെ മറ്റു സംരംഭകരെല്ലാം ഒട്ടു അസൂയയോടെയാണ് സ്വർണ ജുവൽറി റീറ്റെയ്ൽസിനെ നോക്കുന്നത്. സാധാരണ റീറ്റെയ്ലേഴ്സിനെ അപേക്ഷിച്ച് സ്വർണാഭരണ വ്യാപാരിക്ക് കുറേ നേട്ടങ്ങളുണ്ട്. ഉയർന്ന വിറ്റുവരവ് (ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് ഏകദേശം 2700 രൂപ വില വരും), മനോഹരവും ശീതീകരിച്ചതുമായ ഷോറും, സാധാരണക്കാരുടെ വിശ്വാസമാർജിച്ച ശക്തമായ ബ്രാൻഡ് എന്നിങ്ങനെ നീളുന്നു അത്. വിലമതിക്കുന്നതും ഏപ്പോൾ വേണമെങ്കിലും വിറ്റ് പണമാക്കാവുന്നതുമായ ചരക്കാണ് കൈവശമുള്ളത് എന്നതാണ് മറ്റു മേഖലകളിൽ നിന്നും വ്യത്യസ്തമായി സ്വർണ വ്യാപാരികൾക്കുള്ള ഏറ്റവും വലിയ നേട്ടം. കൈയിലുള്ള സ്വർണാഭരണങ്ങൾ ഏപ്പോൾ വേണമെങ്കിലും വിറ്റ് കാശാക്കാൻ കഴിയും എന്നതിനാൽ സ്വർണാഭരണ വ്യാപാരികൾക്ക് കട അടച്ചു പൂട്ടേണ്ടി വന്നാലും ചെറിയ നഷ്ടം മാത്രമേ സംഭവിക്കുന്നുള്ളൂ.

മറ്റു റീറ്റെയ്ലേഴ്സിന് ഈ സൗകര്യമില്ല. കട അടച്ചു പൂട്ടേണ്ടി വരുന്ന സാഹചര്യത്തിൽ കൈയിലുള്ള സാധനങ്ങൾ വളരെയധികം ഡിസ്കൗണ്ട് നൽകി- ചിലപ്പോൾ യഥാർത്ഥ വിലയിലും കുറഞ്ഞ വിലയ്ക്ക്- വിറ്റൊഴിയേണ്ടി വരുന്നു.

നിലനിൽപ്പിനായുള്ള പോരാട്ടം തുടരുന്നു

സ്വർണാഭരണ വ്യാപാര മേഖല വളരെ ആകർഷകമായി കാണപ്പെടുന്നുണ്ടെങ്കിലും നിലവിലെ വ്യാപാര മാന്ദ്യം മൂലം നിലനിൽപ്പിനായുള്ള പോരാട്ടം തുടരുന്നു. സാഹചര്യത്തിൽ മിക്ക സ്വർണാഭരണ വ്യാപാരികളും അത്ര നല്ല നിലയിലല്ല എന്നതാണ് സത്യം. വിൽപ്പന ഇടിയുകയും ലാഭം കുറയുകയും മത്സരം കടുക്കുകയും ചെയ്തു. സത്യത്തിൽ, ഏറെ വിലമതിക്കപ്പെടുകയും എപ്പോൾ വേണമെങ്കിലും വിറ്റ് കാശാക്കാവുന്നതുമായ ചരക്ക് ആണ് സ്വർണം എന്ന അനുകൂലവശം ഉള്ളതുകൊണ്ടു മാത്രമാണ് പല ജുവൽറി ഷോപ്പുകളും നിലനിന്നു പോകുന്നതു തന്നെ.

വ്യാപാരമാന്ദ്യം നേരിട്ടു മൂന്നു വർഷത്തിനു ശേഷം എന്താനും ചില ജുവൽറി ഷോപ്പുകൾ അടച്ചു പൂട്ടിയെങ്കിലും നഷ്ടം നേരിടുന്നവർ അവരുടെ കൈവശമുള്ള സ്വർണാഭരണങ്ങൾ വിറ്റ് നഷ്ടം നികത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ സ്വർണവ്യാപാര മേഖല ഇപ്പോഴും കടുത്ത മത്സരം നേരിട്ടുകൊണ്ടിരിക്കുകയാണ്. എത്ര കൂടുതൽ സ്വർണം കൈവശം വെക്കുന്നുവോ അത്രയും നല്ലത് എന്ന വിശ്വാസം വ്യാപാരികളിലുണ്ടെന്നതാണ് സ്വർണ വ്യാപാര മേഖലയുടെ പ്രത്യേകതകളിലൊന്ന്.

സ്വർണ വ്യാപാരികൾ തങ്ങളുടെ ലാഭത്തിന്റെ ഏറിയ പങ്കും സ്വർണം വാങ്ങിക്കൂട്ടുന്നതിനായി ഉപയോഗിക്കുന്നതിനു പുറമേ കൂടുതൽ വാങ്ങാനായി വായ്പയും എടുക്കുന്നു. മൂന്നു കാരണങ്ങളാണ് ഇതിനു പിന്നിലുള്ളത്.

സ്വർണം വിലകുടിക്കൊണ്ടിരിക്കുന്നതും ഏപ്പോൾ വേണമെങ്കിലും വിറ്റഴിക്കാനാവുന്നതും ആണെന്നതിനാൽ ലാഭം നിക്ഷേപിക്കാനുള്ള ഏറ്റവും സുരക്ഷിത മാർഗമായി വ്യാപാരികൾ ഇതിനെ കാണുന്നു എന്നതാണ് ഒന്നാമത്തെ കാരണം.

കൂടുതൽ സ്റ്റോക്ക് (കൂടുതൽ വൈവിധ്യം) ഉണ്ടായിരിക്കുന്നതിലൂടെ വിൽപ്പന വർധിക്കുമെന്ന വിശ്വാസമാണ് രണ്ടാമത്തെ കാരണം.

ഫാസ്റ്റ് മൂവിംഗ് സ്റ്റോക്കുകളിൽ ഏപ്പോഴും ഷോർട്ടേജ് ഉണ്ടാകുന്നതിനാൽ ജുവൽറി റീറ്റെയ്ലേഴ്സ് സ്റ്റോക്കിനായി കൂടുതൽ നിക്ഷേപം നടത്തേണ്ടി വരുന്നുവെന്നതാണ് മൂന്നാമത്തെ കാരണം.

ഇതുമൂലം മിക്ക സ്വർണവ്യാപാരികളും തങ്ങളുടെ ഷോറൂമിൽ മൂന്നു നാല് മാസത്തേക്കുള്ള സ്റ്റോക്ക് തയാറാക്കി വെക്കുന്നു. ദൗർഭാഗ്യവശാൽ, വിപണിയിൽ മാന്ദ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ പല സ്വർണ വ്യാപാരികളും ഇക്കാരണത്താൽ കുറഞ്ഞ നിക്ഷേപ നേട്ടമോ (Return On Investment) നഷ്ടം തന്നെയോ നേരിടുന്നു.

എന്തുകൊണ്ടാണ് മിക്ക സ്വർണ വ്യാപാരികൾക്കും ലാഭം ഉണ്ടാക്കുവാനും നിക്ഷേപത്തിൽ നിന്ന് മികച്ച വരുമാനം നേടാനും കഴിയാതെ പോകുകയും പ്രതിസന്ധിയിലാവുകയും ചെയ്യുന്നതെന്ന് പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ. ഇത്തരത്തിലുള്ള ഒരു വ്യാപാരിയെയാണ് ഇവിടെ ഉദാഹരണമായി എടുക്കുന്നത്. അതോടൊപ്പം പ്രതിസന്ധിയെ കുറിച്ച് എളുപ്പത്തിൽ മനസിലാക്കാൻ ലളിതമായ നിഗമനങ്ങളും അവതരിപ്പിക്കുന്നു.

എപ്പോൾ വേണമെങ്കിലും വിറ്റ് കാശാക്കാവുന്ന ചരക്ക് എന്ന അനുകൂലവശം ഉള്ളതുകൊണ്ടു മാത്രമാണ് പല ജുവൽറി ഷോപ്പുകളും നിലനിന്നു പോകുന്നത്

നിഗമനങ്ങൾ

- നിലവിലെ വിൽപ്പന വരുമാനം പ്രതിവർഷം 100 രൂപ
- ചെലവ് 94 രൂപ/പ്രതിവർഷം, മൊത്ത ലാഭം 6 രൂപ /പ്രതിവർഷം
- ചെലവ് ആറ് രൂപ/പ്രതിവർഷം
- ഓവർ ഡ്രാഫ്റ്റായി വ്യാപാരി 10 രൂപ കടമെടുത്തിട്ടുണ്ട്.
- വായ്പയുടെ പ്രതിവർഷ പലിശ പത്തു ശതമാനവും പലിശയിനത്തിൽ നൽകുന്നത് 1 രൂപയുമാണ്.
- ജിഎസ്ടിയോ ആദായനികുതിയോ ഇല്ല
- നിലവിലുള്ള സ്റ്റോക്ക് നാലു മാസത്തെ വിൽപ്പനയ്ക്കുള്ളതുണ്ട്. - 94 രൂപ/12 X 4 മാസം= 31 രൂപ
- സ്ഥിര ആസ്തി അഞ്ച് രൂപ

വ്യാപാരിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി ടേബ്ൾ 1 ൽ നൽകിയിരിക്കുന്നു

Table 1: Current Financials

Code	Item	Calculation	Rs
A	Sales		100
B	COGS		94
C	GP	A-B	6
D	OH		6
E	Interest		1
F	Net Profit	C-D-E	-1
G	Inventory		31
H	Fixed Assets		5
I	Investment	G+H	36
J	Loan (Overdraft)		10
K	Net Profit %	(F/A)x100	-1%
L	ROI %	(F/I)x100	-2.7%

ടേബ്ൾ 1 ൽ കാണുന്നതനുസരിച്ച് സ്വർണവ്യാപാരം മികച്ച രീതിയിലല്ലെന്ന് മാത്രമല്ല നഷ്ടത്തിലുമാണ്. ജുവൽറിയുടെ നഷ്ടത്തിൽ ആകൃലപ്പെടുന്ന, ജുവൽറിക്ക് വായ്പ നൽകിയ ബാങ്ക് സ്ഥാപനം നഷ്ടം തുടരുകയാണെങ്കിൽ ഉടനെ വായ്പ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ജുവൽറിയുടെ ഫിനാൻസ് മാനേജർ ഇക്കാര്യം അറിയച്ചതു മുതൽ ജുവൽറി ഉടമ ആശങ്കയിലാണ്.

ജുവൽറി ഉടമ ഉടനെ പ്രധാനപ്പെട്ട ജീവനക്കാരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും വിഷയം വിശദമായി ചർച്ച നടത്തുകയും ചെയ്തു. യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങളാണ് ചർച്ച ചെയ്തത്.

നാലു വർഷം മുമ്പ് ജുവൽറി കൂടുതൽ വിശാലമായ മൂന്നു നിലയുള്ള ഷോറൂമിലേക്ക് മാറിയപ്പോൾ കൂടുതൽ സ്റ്റോക്ക് ആവശ്യമായി വന്നതിലാണ് ജുവൽറി 10 രൂപ ബാങ്ക് വായ്പയെടുത്തത്.

ജുവൽറിയിൽ സ്റ്റോക്ക് ആവശ്യത്തിൽ കൂടുതലുണ്ടെന്നും അത് വിറ്റ് വായ്പ തിരിച്ചടയ്ക്കാമെന്നും ഫിനാൻസ് മാനേജർ നിർദേശിച്ചു. എന്നാൽ സ്റ്റോക്ക് കുറവാണെന്നും അത് വിൽപ്പനയെ കാര്യമായി ബാധിക്കുന്നുണ്ടെന്നും